REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 05-06-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിൽ 292 സീറ്റ് നേടി NDA വീണ്ടും അധികാരത്തിലേക്ക്. 233 സീറ്റ് നേടിയ ഇന്ത്യ ബ്ലോക്കിന് വൻ മുന്നേറ്റം. മറ്റുള്ളവർക്ക് 18 സീറ്റ്.
- സംസ്ഥാനത്ത് UDF ന് തകർപ്പൻ ജയം. 18 സീറ്റുകൾ യു ഡി എഫിന്. ഒരു സീറ്റിൽ എൽഡി എഫ്. ബി.ജെ.പി അക്കൗണ്ട് തുറന്നു.
- തുടർച്ചയായ മൂന്നാം തവണയും NDA ഗവൺമെന്റ് രൂപീകരിക്കുന്ന കാര്യം ഉറപ്പാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഈ തിരഞ്ഞെടുപ്പിൽ ജനങ്ങൾ ഒരു പാർട്ടിയ്ക്കും ഭൂരിപക്ഷം നൽകിയിട്ടില്ലെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെ. ഫലം ബി ജെ പിയ്ക്ക് തിരച്ചടിയാണെന്ന് CPIM.
- ആന്ധ്രാപ്രദേശിൽ തെലുഗുദേശം പാർട്ടിയും ഒഡീഷയിൽ ബി ജെപി യും അധികാരത്തിലേക്ക്.
- ഇന്ന് ലോക പരിസ്ഥിതി ദിനം.

## വാർത്തകൾ വിശദമായി

18-ാം ലോക്സഭാ തിരഞ്ഞെടുപ്പിൽ 543 മണ്ഡലങ്ങളിലെയും ഫലം പ്രഖ്യാപിച്ചപ്പോൾ 292 സീറ്റുകളുമായി NDA യ്ക്ക് കേവല ഭൂരിപക്ഷം. 233 സീറ്റുകൾ നേടി ഇന്ത്യ ബ്ലോക്ക് വൻ മുന്നേറ്റം കാഴ്ചവെച്ചു. മറ്റുള്ളവർ 18 സീറ്റ് നേടി.

BJP യ്ക്ക് മാത്രം 240 സീറ്റുകളാണ് ലഭിച്ചത്. തെലുഗുദേശം 16 ഉം, JDU 12 ഉം സീറ്റ് നേടി. കോൺഗ്രസിന് 99 സീറ്റ് ലഭിച്ചു. സമാജ്-വാദി പാർട്ടി 37 സീറ്റുകളിൽ വിജയിച്ചപ്പോൾ, തൃണമൂൽ കോൺഗ്രസിന് 29 ഉം, DMK യ്ക്ക് 22 ഉം സീറ്റാണ് ലഭിച്ചത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്).....

ഉത്തർപ്രദേശിലെ 80 സീറ്റുകളിൽ സമാജ് വാദി പാർട്ടി 37 ഉം, BJP 33 ഉം, കോൺഗ്രസ് ആറും, RLD രണ്ടും സീറ്റ് നേടി. മഹാരാഷ്ട്രയിൽ 48 സീറ്റുകളിൽ കോൺഗ്രസ് 13 ഉം, ശിവസേന ഉദ്ധവ് വിഭാഗം ഒൻപതും, NCP പവാർ വിഭാഗം എട്ടും സീറ്റുകളിൽ വിജയിച്ചു. ബി.ജെ.പി ഒൻപതും, ശിവസേന SHS ഏഴും, NCP ഒന്നും സീറ്റ് നേടി.

ബിഹാറിൽ 40 മണ്ഡലങ്ങളിൽ BJP യും JDU വും 12 സീറ്റുകൾ വീതം നേടി. LJP രാം വിലാസ് വിഭാഗം അഞ്ചിടത്തും, RJD നാലിടത്തും, കോൺഗ്രസ് മൂന്നിടത്തും വിജയിച്ചു. രാജസ്ഥാനിലെ 20 സീറ്റുകളിൽ BJP 14 ഉം, കോൺഗ്രസ് എട്ടും, CPIM ഒന്നും സീറ്റുകളിൽ വിജയിച്ചു. ഗുജറാത്തിലെ 26 സീറ്റുകളിൽ 25 ഉം ബി ജെ പി നേടിയപ്പോൾ ഒന്ന് കോൺഗ്രസിനാണ്.

മധ്യപ്രദേശിലെ 29 സീറ്റുകളും BJP യ്ക്കാണ്. പശ്ചിമബംഗാളിൽ തൃണമൂൽ കോൺഗ്രസ് 29 സീറ്റുകളിൽ വിജയിച്ചപ്പോൾ, ബി.ജെ.പി 12 ഉം, കോൺഗ്രസ് ഒന്നും സീറ്റ് നേടി. ആന്ധ്രാപ്രദേശിലെ 25 സീറ്റുകളിൽ TDP 16 ഉം ബി ജെ പി മൂന്നും, YSRCP നാലും സീറ്റ് നേടി. തെലങ്കാനയിലെ 17 സീറ്റിൽ ബി ജെ പിയും കോൺഗ്രസും എട്ട് വീതം സീറ്റുകളും, AIMIM ഒരു സീറ്റിലും വിജയിച്ചു. തമിഴ്നാട്ടിൽ 39 സീറ്റുകളിൽ DMK 22, കോൺഗ്രസ് ഒൻപത്, BCK, CPI, CPIM രണ്ട് വീതം, MDMK, മുസ്ലീം ലീഗ് ഒന്ന് വീതം സീറ്റുകൾ നേടി. കർണാടകയിൽ BJP 17 ഉം കോൺഗ്രസ് ഒൻപതും JDS രണ്ടും സീറ്റുകൾ സ്വന്തമാക്കി. ഒഡീഷയിൽ ബി ജെപി യ്ക്ക് 19 സീറ്റുകൾ ലഭിച്ചു.

ഡൽഹിയിലെ ഏഴ് സീറ്റുകളും BJP നേടി. പഞ്ചാബിലെ 13 സീറ്റിൽ കോൺഗ്രസ് ഏഴും, ആം ആദ്മി പാർട്ടി മൂന്നും, ശിരോമണി അകാലിദൾ ഒന്നും, കക്ഷിരഹിതർ രണ്ടും സീറ്റ് നേടി.

ഹരിയാനയിലെ പത്ത് സീറ്റിൽ കോൺഗ്രസിനും, BJP യ്ക്കും അഞ്ച് സീറ്റുകൾ വീതം ലഭിച്ചു.

ഹിമാചൽപ്രദേശിലെ നാലും, ഉത്തരാഖണ്ഡിലെ അഞ്ചും സീറ്റുകൾ ബി ജെ പി യ്ക്കാണ്. ഛത്തീസ്ഗഢിലെ പത്ത് സീറ്റുകളിൽ ബി ജെ പിയും ഒരു സീറ്റിൽ കോൺഗ്രസും വിജയിച്ചു. ജാർഖണ്ഡിൽ 14 സീറ്റിൽ എട്ടെണ്ണം ബി ജെ പി നേടി. കോൺഗ്രസ് രണ്ടും, JMM മൂന്നും സീറ്റുകളിൽ വിജയിച്ചു. അസമിൽ

ബി ജെപി ഒൻപതും, കോൺഗ്രസും മൂന്നും സീറ്റ് നേടി. ത്രിപുരയിലെ രണ്ട് സീറ്റും ബി ജെ പിയ്ക്കാണ്.

✪✪✪

സംസ്ഥാനത്ത് UDF ന് തകർപ്പൻ ജയം. 20 ലോക്സഭാ സീറ്റുകളിൽ 18 ഉം യു ഡി എഫ് നേടിയപ്പോൾ, ഒരു സീറ്റിൽ വീതം എൽഡി എഫും, ബിജെപിയും വിജയിച്ചു. യു ഡി എഫിൽ കോൺഗ്രസ് 14 ഉം മുസ്ലീം ലീഗ് രണ്ടും, കേരള കോൺഗ്രസും RSPയും ഓരോ സീറ്റും നേടി. ലക്ഷദ്വീപിലെ ഏകസീറ്റ് കോൺഗ്രസ് തിരിച്ചുപിടിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

വയനാട്ടിൽ രാഹുൽഗാന്ധി മൂന്ന് ലക്ഷത്തി 64,422 വോട്ടിന് ജയിച്ചപ്പോൾ മലപ്പുറത്ത് ഇ ടി മുഹമ്മദ് ബഷീർ മൂന്ന് ലക്ഷത്തി 118 വോട്ടുകൾക്കാണ് വിജയിച്ചത്. എറണാകുളത്ത് ഹൈബി ഈഡന് രണ്ട് ലക്ഷത്തി 50,385 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു.

ആലപ്പുഴയിൽ കെ സി വേണുഗോപാൽ 63,513 വോട്ടിനും, ചാലക്കുടിയിൽ ബെന്നി ബെഹനാൻ 63,754 വോട്ടിനും, ഇടുക്കിയിൽ ഡീൻ കുര്യാക്കോസ് ഒരു ലക്ഷത്തി 33,727 വോട്ടിനും വിജയിച്ചു. കണ്ണൂരിൽ കെ സുധാകരൻ ഒരു ലക്ഷത്തി 8,982 ഉം കാസർകോട് രാജ്മോഹൻ ഉണ്ണിത്താൻ ഒരു ലക്ഷത്തി 649 ഉം കൊല്ലത്ത് എൻ കെ പ്രേമചന്ദ്രൻ ഒരു ലക്ഷത്തി 50,302 ഉം, കോട്ടയത്ത് കെ ഫ്രാൻസിസ് ജോർജ് 87,266 ഉം, കോഴിക്കോട് എം കെ രാഘവൻ ഒരു ലക്ഷത്തി 46,176 ഉം വോട്ടിന്റെ ഭൂരിപക്ഷം നേടി.

മാവേലിക്കരയിൽ കൊടിക്കുന്നിൽ സുരേഷ് 10,868 ഉം പാലക്കാട് വി കെ ശ്രീകണ്ഠൻ 75,283 ഉം, പത്തനംതിട്ടയിൽ ആന്റോ ആന്റണി 66,119 ഉം, പൊന്നാനിയിൽ ഡോ. എം പി അബ്ദുസമ്മദ് സമദാനി രണ്ട് ലക്ഷത്തി 35,760 ഉം വോട്ടുകൾക്കാണ് വിജയിച്ചത്.

തിരുവനന്തപുരത്ത് ശശിതരൂർ 16,077 ഉം വടകരയിൽ ഷാഫി പറമ്പിൽ ഒരു ലക്ഷത്തി 14,506 ഉം വോട്ടിന്റെ ഭൂരിപക്ഷം നേടി. ആറ്റിങ്ങലിൽ അടൂർ പ്രകാശ് 684 വോട്ടുകൾക്ക് വിജയിച്ചു. പോസ്റ്റൽ ബാലറ്റുകൾ പുനഃപരിശോധന നടത്തിയതിനു ശേഷമാണ് ഫലം പ്രഖ്യാപിച്ചത്.

തൃശൂരിൽ ബി ജെപി യ്ക്കു വേണ്ടി ആദ്യമായി അക്കൗണ്ടു തുറന്ന സുരേഷ് ഗോപി 74,686 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്.

ആലത്തൂരിൽ മന്ത്രി കെ രാധാകൃഷ്ണൻ 20,111 വോട്ടിന് വിജയിച്ചു. ലക്ഷദ്വീപിൽ മുഹമ്മദ് ഹംദുല്ലാ സഈദ് 2647 വോട്ടിന് മുഹമ്മദ് ഫൈസൽ P.Pയിൽ നിന്ന് മണ്ഡലം തിരിച്ചു പിടിച്ചു.

✪✪✪

ആന്ധ്രാപ്രദേശിൽ തെലുഗുദേശം പാർട്ടിയും ഒഡീഷയിൽ ബി ജെപി യും അധികാരത്തിലേക്ക്. ആന്ധ്രയിൽ 175 അംഗ സഭയിൽ 135 സീറ്റ് നേടിയാണ് മുൻമുഖ്യമന്ത്രി ചന്ദ്രബാബു നായിഡു നേതൃത്വം നൽകുന്ന തെലുഗുദേശം പാർട്ടി അധികാരത്തിൽ തിരിച്ചെത്തുന്നത്. ഭരണകക്ഷിയായ YSR CP യ്ക്ക് 11 സീറ്റ് മാത്രമാണ് ലഭിച്ചത്. ജനസേനാ പാർട്ടി 21 സീറ്റുകളിലും ബി ജെ പി എട്ടിടത്തും വിജയിച്ചു.

147 അംഗ ഒഡീഷ സഭയിൽ 78 സീറ്റിൽ വിജയിച്ച് ബി ജെപി, ബിജു ജനതാദളിൽ നിന്ന് ഭരണം പിടിച്ചെടുത്തു. BJD യ്ക്ക് 51 സീറ്റാണ് ലഭിച്ചത്. കോൺഗ്രസ് 14 ഉം CPIM ഉം കക്ഷിരഹിതനും ഓരോ സീറ്റും നേടി.

✪✪✪

25 നിയമസഭകളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പുകളുടെ ഫലം പ്രഖ്യാപിച്ചു. 11 സീറ്റ് BJP യും, ഏഴ് സീറ്റ് കോൺഗ്രസും നേടി. സമാജ്‌വാദി പാർട്ടിയ്ക്കും, തൃണമൂൽ കോൺഗ്രസിനും രണ്ടുവീതം സീറ്റുകൾ ലഭിച്ചു. CPI (ML), JMM, BAP എന്നിവർ ഓരോ സീറ്റിൽ ജയിച്ചു.

ഗുജറാത്തിൽ BJP അഞ്ചിടത്തും, ഹരിയാനയിൽ ഒരിടത്തും വിജയിച്ചു. ഹിമാചൽ പ്രദേശിൽ കോൺഗ്രസ് 4 സീറ്റിലും, BJP രണ്ട് സീറ്റിലും വിജയം കണ്ടു. ബിഹാറിൽ ഏക സീറ്റ് CPI -ML നാണ്

ജാർഖണ്ഡിൽ ജാർഖണ്ഡ് മുക്തി മോർച്ചയ്ക്ക് ഒരു സീറ്റും, കർണാടകയിൽ കോൺഗ്രസിന് ഒരു സീറ്റും ലഭിച്ചു.

രാജസ്ഥാനിൽ ഭാരത് ആദിവാസി പാർട്ടി ഒരു സീറ്റ് നേടി. തമിഴ്നാട്ടിലും, തെലങ്കാനയിലും ഓരോ സീറ്റ് കോൺഗ്രസിന് ലഭിച്ചു. ഉത്തർപ്രദേശിൽ BJP രണ്ട് സീറ്റും ത്രിപുരയിൽ ഒരു സീറ്റും നേടി. ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടി രണ്ടും പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസ് രണ്ട് സീറ്റും നേടി.

✪✪✪

കേന്ദ്രത്തിൽ തുടർച്ചയായ മൂന്നാം തവണയും NDA, ഗവൺമെന്റ് രൂപീകരിക്കുമെന്ന കാര്യം ഉറപ്പാണെന്ന് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്ര മോദി പറഞ്ഞു. ഡൽഹിയിലെ BJP ആസ്ഥാനത്ത് പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഈ തെരഞ്ഞെടുപ്പിൽ ജനങ്ങൾ BJP യിലും NDA യിലും പൂർണ വിശ്വാസം പ്രകടിപ്പിച്ചുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യൻ ഭരണഘടനയിലും സബ്കാ സത് സബ്കാ വികാസിന്റെ മന്ത്രത്തിലും വിശ്വാസത്തിന്റെ വിജയമാണിതെന്നും മോദി പറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വിജയകരമായ നടത്തിപ്പിൽ പങ്കാളികളായ തിരഞ്ഞെടുപ്പ് കമ്മീഷനെയും മറ്റുള്ളവരെയും അദ്ദേഹം അഭിനന്ദിച്ചു.

NDA രൂപീകരണത്തിന് ശേഷം ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ ആദ്യമായാണ് ഒരു സഖ്യം തുടർച്ചയായി മൂന്നാം തവണയും ഗവൺമെന്റ് രൂപീകരിക്കുന്നതെന്ന് BJP അധ്യക്ഷൻ J.P നദ്ദ പറഞ്ഞു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം ജനങ്ങളുടെയും ജനാധിപത്യത്തിന്റെയും വിജയമാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ അഭിപ്രായപ്പെട്ടു. ഈ തെരഞ്ഞെടുപ്പിൽ ജനങ്ങൾ ഒരു പാർട്ടിക്കും ഭൂരിപക്ഷം നൽകിയിട്ടില്ലെന്ന് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ ഖാർഗെ പറഞ്ഞു. ജനവിധി കോൺഗ്രസ് അംഗീകരിക്കുന്നുവെന്നും അദ്ദേഹം അറിയിച്ചു.

ഈ തിരഞ്ഞെടുപ്പ് ഒരു രാഷ്ട്രീയ പാർട്ടിക്കെതിരെ മാത്രമല്ല, ഏജൻസികൾക്കെതിരെയാണെന്നും മുതിർന്ന പാർട്ടി നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. BJP പിടിച്ചെടുത്ത സ്ഥാപനങ്ങളാണിതെന്നും അദ്ദേഹം പറഞ്ഞു. ഈ തിരഞ്ഞെടുപ്പ് ഭരണഘടനയെ സംരക്ഷിക്കാനാണെന്ന് രാഹുൽ ഗാന്ധി പറഞ്ഞു.

ഇന്ത്യ സഖ്യകക്ഷികളുമായി ഇന്ന് യോഗം ചേരുമെന്നും രാഹുൽ ഗാന്ധി പറഞ്ഞു. അവരുമായി സംസാരിച്ച ശേഷം മാത്രമേ ഗവൺമെന്റ് ഉണ്ടാക്കുന്നതടക്കം തീരുമാനം എടുക്കൂ എന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം BJP ക്ക് തിരിച്ചടിയാണെന്ന് CPIM അഭിപ്രായപ്പെട്ടു. 2014 ലും 2019 ലും BJP ക്ക് ലഭിച്ച ഭൂരിപക്ഷം ലോക്സഭയിൽ നഷ്ടപ്പെട്ടതായി പാർട്ടി പ്രസ്താവനയിൽ പറഞ്ഞു. തൊഴിലില്ലായ്മ, വിലക്കയറ്റം, കർഷക ദുരിതം, ജനാധിപത്യത്തിനും ഭരണഘടനയ്ക്കും നേരെ നടക്കുന്ന ആക്രമണങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ ഏറ്റെടുത്താണ് ഇന്ത്യാ ബ്ലോക്ക് തെരഞ്ഞെടുപ്പിനെ നേരിട്ടതെന്നും CPIM അറിയിച്ചു.

✪✪✪

ഇന്ത്യ മുന്നണി അധികാരത്തിലേറുന്ന സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല പറഞ്ഞു.

തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിലേറ്റ പരാജയത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കണമെന്ന് KPCC പ്രസിഡന്റ് K. സുധാകരൻ ആവശ്യപ്പെട്ടു . ഭരണവിരുദ്ധ തരംഗം മാത്രമല്ല UDF ഫിന്റെ സംഘടന പ്രവർത്തനത്തിന്റെ കരുത്തുമാണ് വിജയം സൂചിപ്പിക്കുന്നതെന്നും സുധാകരൻ കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

✪✪✪

ഇന്ന് ലോക പരിസ്ഥിതി ദിനം. 'ഭൂമി പുനഃസ്ഥാപിക്കൽ, മരുഭൂകരണം, വരൾച്ച പ്രതിരോധം' എന്നതാണ് ഈ വർഷത്തെ പ്രമേയം. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1973 മുതൽ ദിനാചരണം ആരംഭിച്ചത്.

കാലാവസ്ഥ വ്യതിയാനം കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് കൃഷി രീതി ചിട്ടപ്പെടുത്തുന്നതിനും, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുമാണ് ഈ വർഷത്തെ പരിസ്ഥിതി ദിനം ലക്ഷ്യമിടുന്നത്.

✪✪✪

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ സംസ്ഥാനതല ആരംഭം ക്ലിഫ് ഹൗസിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ് തലത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫലവൃക്ഷത്തൈകൾ നടും.

ദിനാചരണത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പാക്കുന്ന ഹരിതം സഹകരണം പദ്ധതിയുടെ രണ്ടാം വർഷ സംസ്ഥാനതല ഉദ്ഘാടനവും ഇന്ന് നടക്കും.

✪✪✪

ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ അയർലാന്റിനെ നേരിടും. രാത്രി എട്ടിന് ന്യൂയോർക്കിലാണ് മത്സരം.

ഇന്നലെ ടെക്സാസിൽ നെതർലാന്റ്സ് നേപ്പാളിനെ ആറു വിക്കറ്റിന് പരാജയപ്പെടുത്തി.

ഇംഗ്ലണ്ട്-സ്കോട്ട്ലാന്റ് മത്സരം മഴമൂലം ഉപേക്ഷിച്ചു. സ്കോട്ട്ലാന്റ് 10 ഓവറിൽ വിക്കറ്റ് നഷ്ടപ്പെടാതെ 90 റൺസെടുത്തപ്പോൾ മഴ മത്സരം തടസ്സപ്പെടുത്തുകയായിരുന്നു.

✪✪✪

നീറ്റ് യുജി പരീക്ഷാഫലം നാഷണൽ ടെസ്റ്റിങ് ഏജൻസി പ്രസിദ്ധീകരിച്ചു. കേരളത്തിൽ നിന്നു  നാല് വിദ്യാർത്ഥികൾ ഉൾപ്പെടെ 67 പേർക്ക് ഒന്നാം റാങ്ക് ലഭിച്ചു.  തൃശൂർ സ്വദേശി ദേവദർശൻ ആർ നായർ, കണ്ണൂർ സ്വദേശി ശ്രീനന്ദ് ഷർമിൽ, കൊല്ലം സ്വദേശി വി.ജെ അഭിഷേക്, കോഴിക്കോട് സ്വദേശി അഭിനവ് സുനിൽ പ്രസാദ് എന്നിവരാണ്  ഒന്നാം റാങ്ക് നേടിയ മലയാളികൾ.

✪✪✪

സംസ്ഥാനത്ത് ഈ വർഷം മുതൽ ഓൺലൈനായി നടത്തുന്ന കീം എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശനപരീക്ഷകൾ ഇന്ന് ആരംഭിക്കുമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു.  വിവിധ കേന്ദ്രങ്ങളിലായാണ് പരീക്ഷ നടക്കുന്നത്.

ഞായറാഴ്ച വരെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കു  പ്രവേശന പരീക്ഷ. ഫാർമസി പരീക്ഷയ്ക്ക് മാത്രമായി  പ്രവേശന പരീക്ഷ  തിങ്കളാഴ്ച ഉച്ചയ്ക്ക് 3.30 മുതൽ അഞ്ച് വരെ നടക്കും.

✪✪✪

സംസ്ഥാനത്ത് മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ്  മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള - കർണാടക തീരങ്ങളിൽ നാളെ മുതൽ ശനിയാഴ്ച വരെ മണിക്കൂറിൽ   55 കിലോമീറ്റർ വരെ  വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

ലക്ഷദ്വീപ് തീരത്തും മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪